**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 266** — **13-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് പൊതുമരാമത്ത് ക്വാളിറ്റി കണ്‍ട്രോള്‍ ഇന്‍വെസ്റ്റിഗേഷന്‍ വിഭാഗം പ്രവര്‍ത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ **പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് ഡിസൈന്‍ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴില്‍ രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി കണ്‍ട്രോള്‍ വിഭാഗം ശാക്തീകരിച്ചിട്ടുണ്ട്. കോഴിക്കോട്, എറണാകുള തിരുവനന്തപുരം എന്നീ ജില്ലകളില്‍ എക്സിക്യൂട്ടീ എഞ്ചിനീയറുടെ കീഴില്‍ റീജിയണല്‍ ക്വാളിറ്റി കണ്‍ട്രോള്‍ ലാബുകളും മറ്റ് ജില്ലകളില്‍ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴില്‍ ജില്ലാ ക്വാളിറ്റി കണ്‍ട്രോള്‍ ലാബുകളും കാര്യക്ഷമമായി പ്രവര്‍ത്തിച്ചുവരുന്നു. പൊതുമരാമത്തു വകുപ്പ് നിര്‍മ്മാണ പ്രവൃത്തികള്‍ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങള്‍ പാലിച്ച് ഉദ്യോഗസ്ഥരുടെ കര്‍ശന മേല്‍നോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്. പൊതുമരാമത്ത് ക്വാളിറ്റി മാന്വല്‍ പ്രകാരം 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികള്‍ക്കും ഒന്നാം നിര ഗുണനിലവാര പരിശോധനകള്‍ നിര്‍ബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ബില്‍ നല്‍കുന്നത്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികള്‍ക്ക് കോണ്‍ട്രാക്ടര്‍ സ്വന്തം ചിലവി ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാന്‍ഡേര്‍ഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം നിഷ്കര്‍ഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകള്‍ക്കായി, പ്രവൃത്തികള്‍ നടക്കുമ്പോള്‍ ക്വാളിറ്റി കണ്‍ട്രോള്‍ ഓഫീസര്‍മാര്‍ സ്ഥലം സന്ദര്‍ശിക്കുകയും സൈറ്റില്‍ ആവശ്യമായ ക്വാളിറ്റി** |

| | | | |
|---|---|---|---|
| | | | **പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും ചെയ്യാറുണ്ട്. ഇതിന്റെ അടിസ്ഥാ നത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തു വരുന്നു. കൂടാതെ ഗുണനിലവാര പരിശോധനകളുടെ ഫലം പ്രൈസ് സോഫ്റ്റ് വയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രവൃത്തി ഇടങ്ങളിൽ വച്ചുതന്നെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനാവശ്യമായ ആട്ടോമേറ്റഡ് ക്വാളിറ്റി ടെസ്റ്റിംഗ് മൊബൈൽ ലാബുകളും സജ്ജമാക്കുന്നുണ്ട്. 3 മൊബൈൽ ലാബുകളാണ് തയ്യാറാക്കുന്നത്. പ്രസ്തുത മൊബൈൽ ലാബുകൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ബി) | നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനായി ജില്ലാടിസ്ഥാനത്തിൽ പരിശോധന ലാബുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ **പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം ശാക്തീകരിച്ചിട്ടുണ്ട്. കോഴിക്കോട്, എറണാകുളം തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്തു വകുപ്പ് നിർമ്മാണ പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ട ത്തിലാണ് നടപ്പിലാക്കി വരുന്നത്. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും ഒന്നാം നിര ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ബിൽ നൽകുന്നത്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചിലവിൽ** |

| | | | |
|---|---|---|---|
| | | | **ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾക്കായി, പ്രവൃത്തികൾ നടക്കുമ്പോൾ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും ചെയ്യാറുണ്ട്. ഇതിന്റെ അടിസ്ഥാ നത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തു വരുന്നു. കൂടാതെ ഗുണനിലവാര പരിശോധനകളുടെ ഫലം പ്രൈസ് സോഫ്റ്റ് വയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രവൃത്തി ഇടങ്ങളിൽ വച്ചുതന്നെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതി നാവശ്യമായ ആട്ടോമേറ്റഡ് ക്വാളിറ്റി ടെസ്റ്റിംഗ് മൊബൈൽ ലാബുകളും സജ്ജമാക്കുന്നുണ്ട്. 3 മൊബൈൽ ലാബുകളാ തയ്യാറാകുന്നത്. പ്രസ്തുത മൊബൈൽ ലാബുക പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (സി) | ഗുണനിലവാര പരിശോധനയിൽ കണ്ടെത്തുന്ന പോരായ്മകൾ പരിഹരിക്കുന്നതിനും കുറ്റക്കാരെ ശിക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (സി) | ഒന്നാം തല, രണ്ടാം തല ഗുണനിലവാര പരിശോധനകളിൽ തൃപ്തികരമല്ലാത്ത ഗുണനിലവാരം റിപ്പോർട്ട് ചെയ്താൽ പ്രസ്തുത നിർമ്മാണം കരാറുകാരന്റെ ചിലവിൽ പൊളിച്ചു പുനർ നിർമ്മിക്കുകയോ, തേർഡ് പാർട്ടി ഗുണനിലവാര പരിശോധന നടത്തി തൃപ്തികരമായ ഫലം ലഭ്യമാണെന്ന് ഉറപ്പുവരുത്തുകയോ ചെയ്യേണ്ടത് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഉത്തരവാദിത്തമാണ്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടികൾ വ്യവസ്ഥ ചെയ്യുന്നു. ഗുണനിലവാരം തൃപ്തികരമല്ലാത്ത പക്ഷം പ്രസ്തുത നിർമ്മാണം കരാറുകാരന്റെ ചിലവിൽ പൊളിച്ചു പുനർ നിർമ്മിക്കേണ്ടതാണ്. വകുപ്പ്തല നിർദ്ദേശങ്ങൾ പാലിക്കാത്ത കരാറു കാരുടെ പ്രവൃത്തികൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ റദ്ദ് ചെയ്യുന്നതിന് പൊതുമരാമത്ത് മാന്വലിൽ വ്യവസ്ഥയുണ്ട്. കരാറുകാരന്റെ ലൈസൻസ് റദ്ദ് |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതടക്കമുള്ള നടപടികളും പൊതുമരാമത്ത് മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (ഡി) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ ക്വാളിറ്റി കൺട്രോൾ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാണോയെന്ന് വ്യക്തമാക്കാമോ? | (ഡി) | **പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തി കളിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്വാളിറ്റി കൺട്രോൾ മാന്വൽ വ്യവസ്ഥകൾ അനുസരിച്ച് തൃപ്തികരമായ റിസൽറ്റ് ലഭ്യമാകാത്തവ വകുപ്പിലെ തന്നെ വിജിലൻസ് വിഭാഗത്തേയും എക്സിക്യൂഷൻ വിഭാഗത്തേയും അറിയിക്കുന്നു. ഒന്നാംഘട്ട പരിശോധനയുടെയും രണ്ടാംഘട്ട പരിശോധനയുടെയും ഫലത്തിൽ വ്യത്യാസം വരുന്ന പക്ഷം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മാർഗ്ഗനിർദ്ദേശത്തിൽ മറ്റു അംഗീകാരമുള്ള ലാബുകൾ വഴി ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ